# പ്രധാനവാർത്ത

1. വികസിത ഇന്ത്യയിലേക്കുള്ള യാത്രയിൽ സ്ത്രീകളുടെ പങ്ക് സുപ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ചെറുപ്പക്കാർക്ക് സംസ്ഥാനത്ത് തന്നെ മികച്ച തൊഴിൽ ലഭിക്കാനുള്ള സാഹചര്യം സർക്കാർ ഒരുക്കുമെന്ന് മന്ത്രി പി. രാജീവ്.

3. നിലമ്പൂരിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിക്ക് അന്ത്യാഞ്ജലി അർപ്പിച്ച് നാട്. സംഭവത്തിൽ മുഖ്യപ്രതിയെ അറസ്റ്റ് ചെയ്തു. സമഗ്രാന്വേഷണം ഉണ്ടാകുമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ.

4. സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ് നിരോധനം നാളെ അർധരാത്രി നിലവിൽ വരും.

RNU TVPM

5. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ ഡബിൾസ് കിരീടം ഇറ്റലിയുടെ സാറ - ജാസ്മിൻ സഖ്യത്തിന്.

&&&&&&&&&&&&&&&&

## ഹെഡ് ലൈൻ 1

**പ്രധാനമന്ത്രി- നാരിശക്തി**

വികസിത ഇന്ത്യയിലേക്കുള്ള യാത്രയിൽ സ്ത്രീകൾ വഹിച്ച പരിവർത്തനാത്മക പങ്കിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രകീർത്തിച്ചു. കേന്ദ്രത്തിലെ എൻഡിഎ സർക്കാർ 11 വർഷം അധികാരത്തിൽ തികയുമ്പോൾ, ശാസ്ത്രം, വിദ്യാഭ്യാസം, കായികം, സ്റ്റാർട്ടപ്പുകൾ, സായുധ സേനകൾ എന്നിവയുൾപ്പെടെ എല്ലാ മേഖലകളിലും സ്ത്രീകൾ മികവ് പുലർത്തി. സ്വച്ഛ് ഭാരത് അഭിയാൻ, പ്രധാനമന്ത്രി ആവാസ് യോജന, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ തുടങ്ങിയ പദ്ധതികൾ ഉണ്ടാക്കിയ സ്വാധീനം പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

PNUTVPM

&&&&&&&&&&&&&&&&

**എസ് ജയ്ശങ്കർ**

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് ഫ്രാൻസ്, യൂറോപ്യൻ യൂണിയൻ, ബെൽജിയം എന്നിവിടങ്ങളിലേക്ക് ഏഴ് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പുറപ്പെടും. ഫ്രാൻസ് സന്ദർശന വേളയിൽ, ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ നോയൽ ബാരട്ടുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. അതേസമയം, യൂറോപ്യൻ യൂണിയൻ സന്ദർശന വേളയിൽ, ഡോ. ജയ്ശങ്കർ യൂറോപ്യൻ യൂണിയൻ ഉന്നത പ്രതിനിധിയും വൈസ് പ്രസിഡന്റുമായ കാജ കല്ലാസുമായി ചർച്ച നടത്തും. യൂറോപ്യൻ യൂണിയൻ, ഫ്രാൻസ്, ബെൽജിയം എന്നിവയുമായുള്ള ഇന്ത്യയുടെ സൗഹൃദബന്ധം കൂടുതൽ ആഴത്തിലാക്കാൻ ഈ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&

**നിലമ്പൂർ- മരണം**

നിലമ്പൂർ വഴിക്കടവിൽ പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് മരിച്ച പത്താംക്ലാസ് വിദ്യാർത്ഥി അനന്തുവിന്റെ മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു. ഉറ്റവരും അധ്യാപകരും സഹപാഠികളും നാട്ടുകാരുമടക്കം നിരവധിപ്പേരാണ്

RNUTVPM

അന്ത്യാഞ്ജലി അർപ്പിക്കാൻ വീട്ടിലെത്തിയത്. സ്കൂളിൽ പൊതുദർശനത്തിന് വെച്ചശേഷമാണ് മൃതദേഹം വഴിക്കടവിലെ വീട്ടിലെത്തിച്ചത്. അതേസമയം, സംഭവത്തിൽ മുഖ്യപ്രതി വഴിക്കടവ് പുത്തരിപ്പാടം സ്വദേശി വിനീഷിനെ അറസ്റ്റ് ചെയ്തു. പന്നിയെ പിടികൂടി മാംസ വ്യാപാരം നടത്താനാണ് കെണിവെച്ചതെന്ന് പ്രതി സമ്മതിച്ചിട്ടുണ്ട്. ക്രൈംബ്രാഞ്ച് ഡിവൈഎസ്പി അലവിയുടെ നേതൃത്വത്തിലുള്ള സംഘത്തിനാണ് കേസ് അന്വേഷണച്ചുമതല. കേസിലെ ഗൂഢാലോചന ആരോപണം ഉൾപ്പെടെ അന്വേഷിക്കും.

**&&&&&&&&&&&&&&&&**

**ഹെഡ് ലൈൻ 3**

**നിലമ്പൂർ- എ കെ ശശീന്ദ്രൻ**

വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവം തികച്ചും ദാരുണമാണെന്നും ഇക്കാര്യത്തിൽ സമഗ്രാന്വേഷണം ഉണ്ടാകുമെന്നും മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. വിഷയത്തിൽ വനംവകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ പരിശോധിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചന ഉണ്ടോ എന്നത് അന്വേഷണ

RNU TVPM

ഏജൻസികൾ പരിശോധിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

**നിലമ്പൂർ- സണ്ണിജോസഫ്**

വന്യജീവി ആക്രമണം തടയുന്നതിനു വേണ്ടിയുള്ള മാർഗങ്ങളൊന്നും കഴിഞ്ഞ മൂന്നു നാല് വർഷമായി നടപ്പാകുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. അനുവദിച്ച പണം പോലും ചെലവഴിക്കാതെ ജനങ്ങളെ സർക്കാർ വിധിക്ക് വിട്ടുകൊടുത്തിരിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കുട്ടി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ ഗൂഢാലോചന സംശയിക്കുന്നുവെന്ന പ്രസ്താവന വനം മന്ത്രി തിരുത്തണമെന്ന് കെ പി സി സി പ്രസിഡൻ്റ് സണ്ണി ജോസഫ് എംഎൽഎ ആവശ്യപ്പെട്ടു. വനംമന്ത്രി ഉറക്കം നടിക്കുകയാണെന്നും വൈദ്യുതവേലി കെട്ടാൻ ജനങ്ങൾ നിർബന്ധിതരാവുകയാണെന്നും സണ്ണി ജോസഫ് ആരോപിച്ചു. എൽഡിഎഫിനെ കടന്നാക്രമിക്കാൻ ദാരുണ സംഭവങ്ങൾ യുഡിഎഫ് രാഷ്ട്രീയ ആയുധമാക്കുകയാണ് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ആരോപിച്ചു. വന്യജീവി പ്രശ്നങ്ങൾ നേരിടാൻ

RNU TVPM

കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ സഹായകരവും പര്യാപ്തവുമാണ്. എന്നാൽ അതെല്ലാം അവഗണിച്ചാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നതെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

&&&&&&&&&&&&&&&&

**എ വിജയരാഘവൻ**

വിദ്യാർഥി ഷോക്കേറ്റ് മരിക്കാനിടയായ സംഭവത്തിൽ പ്രതിഷേധിച്ച് വഴിക്കടവ് പഞ്ചായത്തിലേക്ക് എൽഡിഎഫ് മാർച്ച് നടത്തുമെന്ന് സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം എ വിജയരാഘവൻ അറിയിച്ചു. പന്നികളെ വെടിവെച്ച് കൊല്ലുന്ന കാര്യത്തിൽ പഞ്ചായത്ത് അധികൃതർ വീഴ്ച വരുത്തിയതിൽ പ്രതിഷേധിച്ചാണ് നാളെ മാർച്ച് നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

PNUTVPM

&&&&&&&&&&&&&&&&

**ഹെഡ് ലൈൻ 2**

**പി രാജീവ്- ഇൻട്രോ**

പ്രമുഖ എൻജിനീയറിങ് കമ്പനിയായ എച്ച് സി എൽ ടെക്കിന്റെ രണ്ടാമത്തെ യൂണിറ്റിന്റെ ഉദ്ഘാടനം നാളെ തിരുവനന്തപുരത്ത് നടക്കുമെന്ന് മന്ത്രി പി. രാജീവ് മാധ്യമങ്ങളോട് പറഞ്ഞു. ആദ്യ

യൂണിറ്റ് പ്രവർത്തനമാരംഭിച്ച് മാസങ്ങൾക്കുള്ളിലാണ് പുതിയ യൂണിറ്റ് ആരംഭിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും വലിയ രീതിയിൽ കേരളത്തിലേക്ക് കമ്പനികൾ കടന്നുവരുന്ന കാലം കൂടിയാണിത്. ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ മികച്ച തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഒരുക്കാനുള്ള പരിശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി വ്യക്തമാക്കി.

**(വോയിസ്)**

**&&&&&&&&&&&&&&&&**

**നിലമ്പൂർ - ഉപതിരഞ്ഞെടുപ്പ്**

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ നാളെ നടക്കും. ചെലവ് നിരീക്ഷകനായ അംഗിത് ആനന്ദ് സ്ഥാനാർത്ഥികളുടെ ഓരോ ദിവസത്തെയും കണക്ക് സംബന്ധിച്ച് ഈ മാസം 10,13,17 തിയതികളിൽ പരിശോധന നടത്തും. ഈ മാസം 19 നാണ് വോട്ടെടുപ്പ്.

**&&&&&&&&&&&&&&&&**

**ഹെഡ് ലൈൻ 4**

**ട്രോളിംഗ് നിരോധനം**

PRNUTVM

സംസ്ഥാനത്ത് ട്രോളിങ് നിരോധനം നാളെ അർധരാത്രി നിലവിൽ വരും. ജൂലൈ 31 അർധരാത്രി 12 മണി വരെ 52 ദിവസമാണ് നിരോധനം. തീരക്കടലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിന് തടസ്സമില്ല. ട്രോളിങ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ഉറപ്പാക്കുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു.

&&&&&&&&&&&&&&&&

**രാജേന്ദ്ര ആർലേക്കർ**

ഭാരത് മാത സങ്കൽപ്പം വിവാദമാക്കരുതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ. വിശ്വസിക്കുന്ന പ്രത്യയശാസ്ത്രമോ രാഷ്ട്രീയമോ ഏതായാലും രാഷ്ട്ര സങ്കല്പത്തെ അതിനു മുകളിൽ കാണാനാകണമെന്നും ഗവർണർ പറഞ്ഞു. മൻ കീ ബാത് ആശയങ്ങളെ പ്രചരിപ്പിക്കുന്ന മേരാ യുവ ഭാരതിന്റേയും ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷന്റേയും ശ്രമങ്ങളെ ഗവർണർ അഭിനന്ദിച്ചു. മൻ കീ ബാത്ത് അധിഷ്ഠിത ക്വിസ് മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്ക് നെടുമങ്ങാട്ട് ഗവർണർ

RNU TVPM

പുരസ്കാരം വിതരണം ചെയ്തു. മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു.

&&&&&&&&&&&&&&&&

**ആകാശവാണി 90-ാം പിറന്നാൾ**

ആകാശവാണിക്ക് ഇന്ന് 90-ാം പിറന്നാൾ.1936 ജൂൺ 8 നാണ് ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവീസിനെ ഓൾ ഇന്ത്യ റേഡിയോ എന്ന് പുനർനാമകരണം ചെയ്തത്. രാജ്യത്തിൻ്റെ സാംസ്കാരിക,വിവര,പ്രക്ഷേപണ ചരിത്രത്തിലെ നാഴികക്കല്ലായി ഈ ദിനം ഓർമ്മിക്കപ്പെടുന്നു. തലമുറകളിലൂടെ പ്രതിധ്വനിക്കുന്ന ആകാശവാണിയുടെ ശബ്ദം ഇന്ന്, 23 ഭാഷകളിലായി 591 സ്റ്റേഷനുകളിലൂടെ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

PNJ TVPM

&&&&&&&&&&&&&&&&

**കണ്ടെയ്നറുകൾ കണ്ടെത്തി**

ചരക്ക് കപ്പലപകടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് 13 , കൊല്ലത്ത് 49, ആലപ്പുഴയിൽ 02 എന്നിങ്ങനെ ആകെ 64 കണ്ടെയ്നറുകൾ ഇതുവരെ കണ്ടെത്തി. നിലവിലെ കണക്കുകൾ പ്രകാരം തിരുവനന്തപുരത്തു നിന്ന് 7 കണ്ടെയ്നറുകൾ KMB പോർട്ടിലേയ്ക്കും; കൊല്ലം ജില്ലയിൽ

നിന്നുള്ള 42 കണ്ടെയ്നറുകളും, ആലപ്പുഴയിൽ നിന്നുള്ള 2 കണ്ടെയ്നറുകളും കൊല്ലം പോർട്ടിലേയ്ക്കും മാറ്റിയിട്ടുണ്ട്. വിഴിഞ്ഞം - കോവളം ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയ 21 ബാരലുകൾ വിഴിഞ്ഞം തുറമുഖത്തെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി.

&&&&&&&&&&&&&&&&

**ഇടുക്കി കടുവ**

ഇടുക്കി മൈലാടുംപാറയിലെ ഏലത്തോട്ടത്തിൽ കുഴിയിൽ വീണ കടുവയെ വനപാലകർ മയക്കുവെടിവച്ച് പിടികൂടി. കൂട്ടിൽ കയറ്റിയ കടുവയെ പെരിയാർ കടുവാ സങ്കേതത്തിലേക്ക് മാറ്റി. പരിശോധനകൾക്കു ശേഷം തുറന്നുവിടും. നായയെ വേട്ടയാടുന്നതിനിടെയാണ് കടുവ കുഴിയിൽ വീണതെന്നാണ് പ്രാഥമിക നിഗമനം.

&&&&&&&&&&&&&&&&

**കണ്ണൂർ - കൊട്ടിയൂർ- ഇൻട്രോ**

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കമാകും. രാത്രി നടക്കുന്ന നെയ്യാട്ടത്തോടെയാണ് ഒരു മാസക്കാലത്തോളം നീളുന്ന വൈശാഖോത്സവത്തിന് തിരിതെളിയുക.

RNUTVPM

## വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..... (വോയിസ്)

&&&&&&&&&&&&&&&&

### ഹെഡ് ലൈൻ 5

### ഫ്രഞ്ച് ഓപ്പൺ

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ ഡബിൾസ് ഫൈനൽ മത്സരത്തിൽ ഇറ്റലിയുടെ സാറ എറാനി- ജാസ്മിൻ പവൊലീനി സഖ്യത്തിന് കിരീടം. കസാഖ്-സെർബിയ ജോഡിയായ അന്ന ഡാനിലിന - അലക്സാന്ദ്ര ക്രുണിച്ചിനെയാണ് ഇവർ പരാജയപ്പെടുത്തിയത്. പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകാരസും തമ്മിലുള്ള മത്സരം അൽപ്പസമയത്തിനകം ആരംഭിക്കും.

&&&&&&&&&&&&&&&&

### മുതലപ്പൊഴി- ഡ്രഡ്ജിംഗ്

തിരുവനന്തപുരം മുതലപ്പൊഴിയിൽ ഡ്രഡ്ജിങ്ങിൽ വീണ്ടും പ്രതിസന്ധി. ഡ്രഡ്ജർ ഓപ്പറേറ്റർക്കെതിരെ പരാതിയുമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രംഗത്തെത്തി. ഡ്രഡ്ജർ പ്രവർത്തിപ്പിക്കാൻ ഓപ്പറേറ്ററും നടത്തിപ്പുകാരനും വിമുഖത

RNI TVPM

കാണിക്കുന്നു എന്ന് ആരോപിച്ചാണ് കഠിനംകുളം പോലീസിൽ പരാതി നൽകിയിട്ടുള്ളത്. മഴ മാറിയിട്ടും ഓപ്പറേറ്റർമാർ സഹകരിക്കുന്നില്ലെന്ന് പരാതിയിൽ പറയുന്നു. അതേസമയം പരാതി നൽകിയതിന് പിന്നാലെ ഡ്രഡ്ജിങ് പുനരാരംഭിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&**

**&&&&&&&**

**&&&**

RNU TVPM